# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2752** **17.06.2019 ലെ മറുപടി**

## സംസ്ഥാനത്തെ തോടുകളുടെയും നീർച്ചാലുകളുടെയും സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ :** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ തോടുകളും നീർച്ചാലുകളും മാലിന്യ വാഹികളാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ തോടുകളിലും നീർച്ചാലുകളിലും മാലിന്യ എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറുതോടുകളും നീർച്ചാലുകളും എത്തിച്ചേരുന്നത് പ്രധാനമായും പുഴകളിലേക്കാണ്. കേരളത്തിലെ നദീജലഗുണ നിലവാര പരിശോധന കോഴിക്കോട് ആസ്ഥാനമായ ജലവിഭവവികസന പരിശീലന കേന്ദ്രം (CWRDM) നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ജലഗുണനിലവാരം പൊതുവിൽ (പ്രത്യേകിച്ച് നഗരത്തോട് അടുത്തു വരുന്നിടങ്ങളിൽ) മോശമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ ജലസ്രോതസ്സുകളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും മാസംതോറും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു. ബോർഡിന്റെ പരിശോധന ഫലങ്ങൾ അനുസരിച്ച് വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജലമലിനീകരണവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ തോടുകളും നീർച്ചാലുകളും മലിനപ്പെടുത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ സാധിക്കുന്നത്;വ്യക്തമാക്കുമോ; | (ബി) | ജലമലിനീകരണവുമായി ബന്ധപ്പെട്ട് പ്രധാനമായും നാല് നിയമങ്ങളനുസരിച്ചാണ് നടപടി സ്വീകരിക്കാറുള്ളത്.<br>i. കേന്ദ്രജലമലിനീകരണ നിയന്ത്രണനിയമം, 1974<br>ii. കേരള പഞ്ചായത്തീരാജ് നിയമം, 1994<br>iii. കേരള നഗരപാലികനിയമം, 1994<br>iv. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018<br><br>ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു.<br><br>ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമം 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | ജലമലിനീകരണത്തിനെതിരെ വ്യാപക പ്രചരണം നടത്തുന്നതിനും ഭാവി തലമുറയ്ക്കായി ഇവയെ സംരക്ഷിക്കുന്നതിനും വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുമോ? | (സി) | ജല മലിനീകരണത്തിന്റെ ദോഷവശങ്ങളെക്കുറിച്ചും ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുഅവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹരിതകേരളമിഷന്റെ ഭാഗമായി "ജലമാണ് ജീവൻ" എന്ന ലഘുലേഖ പ്രസിദ്ധീകരിക്കുകയും ജലപാർലമെന്റ് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 'ജലം ജീവാമൃതം' എന്ന ചെറുപുസ്തകം ജലവിഭവവകുപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത് വ്യാപകമായി പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം ബോധവൽക്കരണ/പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കി ജലസ്രോതസ്സുകൾ സുസ്ഥിരവും സുരക്ഷിതവുമായി നിലനിർത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**